**കെ.വി.എ.എസ്.യു./എം.സി./പൊതുവായത്/അദ്ധ്യായം - 1.6**

**(47-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 47-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

തീയ്യതി : **22** ആഗസ്റ്റ് **2024**, സമയം : ഉച്ചകഴിഞ്ഞ് **02.30** മണി

വേദി: ഹൈബ്രിഡ് മോഡ്, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/3846/2024)

### ഹാജരായ അംഗങ്ങൾ:

1. ഡോ. അനിൽ. കെ.എസ്., വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അദ്ധ്യക്ഷൻ
2. ശ്രീ. കെ.എം. സച്ചിൻ ദേവ് (എം.എൽ.എ. പ്രതിനിധി)
3. ശ്രീ. ഇ.കെ. വിജയൻ (എം.എൽ.എ. പ്രതിനിധി)
4. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി) (ഓൺലൈൻ)
5. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി (ഓൺലൈൻ)
6. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ, വെറ്ററിനറി
7. ഡോ. എസ്.എൻ. രാജകുമാർ, ഫാക്കൽറ്റി ഡീൻ, ഡയറി സയൻസ് & ടെക്നോളജി
8. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
9. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
10. ഡോ. ബിനു പ്രശാന്ത്. കെ.ആർ., (പ്രസിഡന്റ്, കെ.എസ്.വി.സി.)
11. ശ്രീ. അഭിറാം. പി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി)
12. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
13. ഡോ. ദിനേശ്. പി.റ്റി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
14. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
15. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
16. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
17. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

### സാന്നിധ്യം:

1. ശ്രീ. മുജീബ്. എ.കെ., ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
2. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
3. ശ്രീ. ബാബുരാജ്. കെ.പി., ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.
4. ഡോ. മായ.എസ്., ഡീൻ (ഇൻ ചാർജ്ജ്), വെറ്ററിനറി & അനിമൽ സയൻസ് കോളേജ്, പൂക്കോട്.

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

മുണ്ടക്കൈ, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ ജീവഹാനി സംഭവിച്ചവർക്ക് യോഗം അനുശോചനം രേഖപ്പെടുത്തി. മുണ്ടക്കൈ ദുരന്ത ബാധിതതർക്ക് സർവ്വകലാശാലാ നടത്തുന്ന എല്ലാ കോഴ്സിലേക്കും അടുത്ത 5 വർഷത്തേക്ക് 2 സീറ്റ് വീതം റിസർവ്വ് ചെയ്യുന്നത് പരിഗണനയിലാണെന്നും, ബി.വി.എസ്.സി. & എ.എച്ച് കോഴ്സിലേക്ക് സീറ്റ് റിസർവ്വ് ചെയ്യുന്ന

തിന് വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി ആവശ്യമായതിനാൽ ഇക്കാര്യം അഭ്യർത്ഥിച്ചു കൊണ്ട് കൗൺസിലിലേക്ക് കത്തയച്ചിട്ടുണ്ടെന്നും അദ്ധ്യക്ഷൻ യോഗത്തെ അറിയിച്ചു.

കേരള സർക്കാരിന്റെ ഫാം ജേണലിസ്റ്റ് അവാർഡ് നേടിയ ഡോ. സാബിൻ ജോർജ്ജ്, പ്രൊഫസർ, സി.വി.എ.എസ്. പൂക്കോട്, ഐ.സി.എ.ആർ-ന്റെ ബെസ്റ്റ് ടെക്നോളജി അവാർഡ് കരസ്ഥമാക്കിയ ഡോ. ജെസ്സ് വർഗ്ഗീസ്, അസിസ്റ്റന്റ് പ്രൊഫസർ, സി.വി.എ.എസ്. പൂക്കോട് എന്നിവരെ യോഗം അനുമോദിച്ചു.

മാനേജ്മെന്റ് കൗൺസിലിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശേഷം പുതിയ അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | മാനേജ്മെന്റ് കൗൺസിൽ നിന്നും ബോർഡ് ഓഫ് മാനേജ്മെന്റിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുവാൻ ഉണ്ടെന്നും, മാനേജ്മെന്റ് കൗൺസിലിലേക്ക് ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു നൽകേണ്ടുന്ന അംഗങ്ങളുടെ വിവരങ്ങൾ കൂടെ ലഭ്യമാകുന്ന ഉടനെ തിരഞ്ഞെടുപ്പ് നടപടികൾ ആംരംഭിക്കുന്നതാണെന്നും രജിസ്ട്രാർ സഭയെ അറിയിച്ചു. |
| 1.3 | ചോദ്യോത്തര വേള.<br><br>**<u>ശ്രീ. സി. ആർ. സന്തോഷ് ഉന്നയിച്ച ചോദ്യങ്ങൾ:</u>**<br>**ചോദ്യം 1:** സർവകലാശാലയിലെ നോൺടീച്ചിങ് തസ്തികയായ അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ പ്രമോഷൻ നൽകേണ്ട എത്ര ഒഴിവുകളുണ്ട്.<br>**ചോദ്യം 1.1:** ഏത് ദിവസം മുതൽ ആണ് മുകളിൽ പരാമർശിച്ച തസ്തികകളിൽ പ്രമോഷൻ DUE ആയത്.<br><br>**ഉത്തരം: (1):** സർവ്വകലാശാലയിലെ നോൺ ടീച്ചിങ് തസ്തിക ആയ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ എന്നീ തസ്തികകളിൽ പ്രൊമോഷൻ നൽകേണ്ട ഒഴിവുകൾ ഒന്നും നിലവിൽ ഇല്ല. അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ പ്രൊമോഷൻ നൽകേണ്ട 2 ഒഴിവുകൾ നിലവിൽ ഉണ്ട്.<br><br>**ഉത്തരം: (1.1):** ഒന്നാമത്തെ അസിസ്റ്റന്റ് രജിസ്ട്രാർ ന്റെ ഒഴിവ് നിലവിൽ വന്ന തിയ്യതി 01.05.2023 ഉം രണ്ടാമത്തെ അസിസ്റ്റന്റ് രജിസ്ട്രാർ ന്റെ ഒഴിവ് നിലവിൽ വന്ന തിയ്യതി 01.06.2024 ഉം ആണ്.<br><br>**തീരുമാനം :** ഒഴിഞ്ഞുകിടന്നിരുന്ന മേൽ തസ്തികകളിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഒഴിവുകൾ നികത്തിയതായി രജിസ്ട്രാർ സഭയെ അറിയിച്ചു. ഉദ്യോഗക്കയറ്റ ഉത്തരവ് ഇതിനകം പുറപ്പെടുവിച്ച നടപടിയിൽ സന്തോഷം രേഖപ്പെടുത്തി സ്വാഗതം |

ചെയ്യുന്നതായി ബഹു. അംഗം ശ്രീ. സന്തോഷ്. സി.ആർ. അറിയിച്ചു. പ്രമോഷനുകളും താഴ്ന്ന തസ്തികകളിൽ നിന്നു സ്ഥാനക്കയറ്റം വഴി ലഭ്യമാകുന്ന നിയമനവും നടത്തുന്നതിലുള്ള കാലതാമസം മൂലം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ബഹു. അംഗം യോഗത്തെ അറിയിച്ചു. കൂടാതെ ഡ്രൈവർമാരുടെ തസ്തികയിലേക്ക് താഴ്ന്ന തസ്തികയിൽ നിന്നും നടത്തിയ സ്ഥാനക്കയറ്റ നിയമനങ്ങൾ പി.എസ്.സി. നിയമനങ്ങൾക്ക് ശേഷമായതിനാൽ സീനിയോറിറ്റി നഷ്ടപ്പെട്ടതായ പരാതി പരിശോധിക്കണമെന്ന് ബഹു. അംഗം ആവശ്യപ്പെട്ടു.

*നടപടി: രജിസ്ട്രാർ*

--------------------------------------------------------------------------------

**ചോദ്യം 2:** **വെറ്ററിനറി സർവകലാശാലക്ക് കീഴിലുള്ള തിരുവഴാം കുന്ന് സ്ഥാപനത്തിലെ സ്ഥലം റോഡ് വികസനത്തിന് വിട്ടുകൊടുത്തവകയിൽ എത്ര രൂപ സർവകലാശാലയ്ക്ക് ലഭിച്ചു.**

**ചോദ്യം 2.1:** **ഇങ്ങനെ ലഭിച്ച പൈസയുടെ BANK പലിശ ഉപയോഗിച്ച് മാസംതോറും സർവകലാശാലയിലെ പെൻഷൻ നൽകാനായ് ഒരു പെൻഷൻ ഫണ്ട് രൂപികരിക്കുന്ന കാര്യം പരിഗണിക്കാമോ.**

**ചോദ്യം 2.2:** **മാസംതോറും എത്ര രൂപ സർവ്വകാലാശാലയ്ക്ക് പെൻഷൻ നൽകുവാൻ ആവശ്യമുണ്ട്**

**ഉത്തരം: (2):** കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ തിരുവാഴാംകുന്ന് ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷനിലെ ഭൂമി ദേശീയ പാതാ അതോറിറ്റിക്ക് കൈമാറിയ വകയിൽ 22,98,38,618/- രൂപ (ഇരുപത്തി രണ്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി മുപ്പത്തി എട്ടായിരത്തി അറുന്നൂറ്റി പതിനെട്ട് രൂപ മാത്രം) സർവകലാശാലക്ക് ലഭ്യമായിട്ടുണ്ട്.

**ഉത്തരം: (2.1):** സർവകലാശാലയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിരമനാനുകൂല്യങ്ങൾ നൽകുന്നതിനായി പ്രതിമാസം 20.00 ലക്ഷം രൂപ വീതം പെൻഷൻ ഫണ്ട് നിക്ഷേപ ഇനത്തിൽ RD ആയി SBI കൽപ്പറ്റ ശാഖയിൽ നിക്ഷേപിക്കുകയും ആയതു 12 മാസ കാലയളവ് പൂർത്തിയാകുന്ന മുറക്ക് സ്ഥിര നിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നുണ്ട്. നിലവിലെ പ്രതിമാസ സർക്കാർ ധന സഹായവും ആഭ്യന്തര വരുമാനവും ഉപയോഗിച്ച് സർവകലാശാലയുടെ ചെലവുകൾ നടത്തുന്നതിന് കടുത്ത ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സർവകലാശാലയുടെ ദൈനം ദിന ചെലവുകൾ നിർവഹിക്കാനുതകുന്ന തരത്തിൽ വരുമാന വർദ്ധനവുണ്ടാക്കുന്ന മാർഗങ്ങൾക്ക് അടിയന്തര നടപടി സ്വീകരിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

**ഉത്തരം: (2.2):** പെൻഷൻ ഇനത്തിൽ സർവകലാശാലക്ക് വരുന്ന പ്രതിമാസ ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഭരണ സമിതിയുടെ അനുമതിക്ക് വിധേയമായി | പ്രതിമാസ പെൻഷൻ തുക |
|---|---|
| UGC നിരക്കിൽ പെൻഷൻ വാങ്ങുന്ന ജീവനക്കാരുടെ പ്രതിമാസ പെൻഷൻ | 60,11,183 |
| അനദ്ധ്യാപക ജീവനക്കാരുടെ പ്രതിമാസ പെൻഷൻ | 52,20,581 |
| സ്ഥിരം തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ | 12,74,641 |
| **ആകെ** | 1,25,06,405 |

**തീരുമാനം :** നല്കിയ ഉത്തരം അംഗീകരിച്ചു. ഈ വിഷയത്തിൽ 86-ാമത്തെ ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാന പ്രകാരം (ഒ. എ.: 5) നടപടികൾ സ്വീകരിക്കുന്നതിനും പെൻഷൻ നല്കുന്നതിന് സ്ഥിരം സംവിധാനം രൂപീകരിക്കുന്നതിന് ആലോചിക്കാനും തീരുമാനിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ*

==========================================================================

**ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (3):**

2023 ഡിസംബർ 16 ന് നടന്ന സർവ്വകലാശാലയുടെ 45 ആമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ ലഭിച്ച മറുപടി പ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:

a. സർവ്വകലാശാല ആക്ടിലെ 41 ആം ഉപവകുപ്പ് അനുസരിച്ചുള്ള സാധ്യക്കനുസൃതമായി സർവ്വകലാശാലയിലെ പൊതുസമൂഹത്തിനു നൽകിക്കൊണ്ടിരിക്കുന്ന വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 1956 ലെ കേന്ദ്രനിയമം 1 (കമ്പനി ആക്ട്) അനുസരിച്ചുള്ള ഒരു കമ്പനി രൂപീകരിക്കുന്നത് ഗുണകരമാണെന്ന് തത്വത്തിൽ അംഗീകരിച്ചിരുന്നു.

b. സർവ്വകലാശാലാ സ്റ്റാറ്റിയൂട് ഖണ്ഡിക 161 ലെ സാധ്യതകൾക്കനുസൃതമായി സർവ്വകലാശാലക്കു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ 5 ദിവസങ്ങളായി നിജപ്പെടുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ സർവ്വകലാശാല IQAC യുടെയും, അക്കാദമിക് കൗൺസിലിന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പാക്കുന്നതാണെന്ന് അറിയിച്ചിരുന്നു.

ഈ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് എന്ത് നടപടിക്രമങ്ങളാണ് സർവ്വകലാശാല നിലവിൽ കൈക്കൊണ്ടിട്ടുള്ളത്? ഈ തീരുമാനങ്ങൾ ഉടൻ നടപ്പിലാക്കാൻ സർവ്വകലാശാല എന്തെല്ലാം നടപടികൾ കൈക്കൊള്ളും?

---

**ഉത്തരം: (3).(a):** സർവ്വകലാശാലക്ക് കീഴിൽ TBIC വിവിധ പ്രൊഡക്ഷൻ യൂണിറ്റുകൾ എന്നിവ കമ്പനി ആക്കി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ TBIC നോഡൽ ഓഫീസർ ഡോ.ദീപ ആനന്ദിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ച് വരുന്നു.

**ഉത്തരം: (3).(b):** ടി വിഷയം സർവകലാശാല IQAC തലത്തിൽ വിശദമായി പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നതിനായി, ഉചിതമായ ശുപാർശയോടെ റിപ്പോർട്ട് സഹിതം അക്കാഡമിക്സ് ആൻഡ് റിസർച്ച്

ഡയറക്ടറേറ്റിലേക്ക് കൈമാറേണ്ടതാണ് എന്ന നിർദ്ദേശം IQAC ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. ആയതനുസരിച്ച് IQAC ചർച്ചകൾ നടത്തി പഠനം നടത്തി വരുന്നു.

**തീരുമാനം (3).(a):** 45-ാമത് മാനേജ്മെന്റ് കൌൺസിൽ യോഗം (ചോദ്യം നം. 3 പ്രകാരം) തീരുമാനിച്ച കമ്മിറ്റി അടുത്ത യോഗത്തിൽ ഈ വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പിനെ ചുമതലപ്പെടുത്തി.

*നടപടി: രജിസ്ട്രാർ/ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്*

**തീരുമാനം (3).(b):** നല്കിയ ഉത്തരം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

---

**ചോദ്യം (4):**

**സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ നിയമനങ്ങളും, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷനുകളും സംബന്ധിച്ച് 2018 ലെ യുജിസി റെഗുലേഷൻ വ്യാഖ്യാനിച്ചു കൊണ്ട് 17-05-2024 ന് സർവ്വകലാശാല പുറത്തിറക്കിയ കെവിഎഎസ്‌യു/ പൊതുഭരണം/ എ 1/ 6715/ 2017 നമ്പർ ഉത്തരവ് ഏകദേശം 75 ഓളം അദ്ധ്യാപകരുടെ സർവീസ് നഷ്ടത്തിന് കാരണമാകുന്നതാണ്. 2010 യുജിസി റെഗുലേഷൻ അനുസരിച്ച് ലഭിച്ച പ്രൊമോഷൻ തീയതികൾ പോലും ഈ ഉത്തരവ് അനുസരിച്ച് തിരുത്തുന്നതായി കാണുന്നു. 2024 ഫെബ്രുവരി 19 മുതൽ 21 വരെ നടന്ന CAS പ്രൊമോഷനുകളിൽ അർഹരായ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ തീയതി ഈ ഉത്തരവിനനുസൃതമായിരിക്കുമോ? ഈ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതാണോ? ഈ ഉത്തരവ് ഇറക്കുന്നതിനായി യുജിസിയുടെയോ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയോ ഏതെങ്കിലും തരത്തിലുള്ള സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ? ഈ ഉത്തരവ് ഉടൻ പിൻവലിക്കാൻ സർവ്വകലാശാല തയ്യാറാകുമോ?**

---

**ഉത്തരം: (4):** ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കേസുകളിൽ സർക്കാർ കൂടി എതിർകക്ഷിയാണ്. കോടതി അലക്ഷ്യ കേസുകളിലും സാമ്പത്തിക ഉത്തരവാദിത്വം വരുന്ന കേസുകളിലും ഉദ്യോഗസ്ഥതലത്തിൽ കൃത്യമായ പരിശോധന വേണമെന്ന് സർക്കാർ നിർദേശമുണ്ട് . ഈ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച മേൽ ഉത്തരവ് നിലവിൽ സർക്കാർ പരിശോധനയിലും ബഹു ഹൈക്കോടതി പരിഗണനായിലും വന്നിട്ടുണ്ട്. ടി കേസിലെ തുടർനടപടികൾ സർക്കാർ/കോടതി നിർദേശങ്ങൾക്ക് അനുസൃതമായി മാത്രം സ്വീകരിക്കുന്നതാണ്.

**തീരുമാനം :** ഉത്തരവ് സംബന്ധിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള ആശങ്ക പരിഗണിച്ച് മാനേജ്മെൻറ് കൗൺസിലിലെ അധ്യാപക പ്രതിനിധി ഡോ. ശ്രീരഞ്ജിനി. എ. ആർ. ചെയർപേഴ്സൺ ആയും ഫിനാൻസ് ഓഫീസർ, ശ്രീ. ദിനേശൻ.എ.കെ. കൺവീനറായും മാനേജ്മെൻറ് കൗൺസിലിലെ മറ്റ് അധ്യാപക പ്രതിനിധികളായ ഡോ. ദിനേശ്. പി. ടി., ഡോ. ബിപിൻ. കെ. സി. എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ച് ഈ വിഷയത്തിൽ കൂടുതൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

*നടപടി: രജിസ്ട്രാർ*

========================================================================

**ഡോ. ദിനേഷ്. പി.ടി. ഉന്നയിച്ച ചോദ്യങ്ങൾ:**

**Qtn 5:**

**Question regarding the ear marked functional quarters**

**Qtn 5.1:** Is there any functional quarters ear marked for Assistant Wardens in the campuses of KVASU?

**Qtn 5.2:** Is there any preference for Assistant wardens for allotting quarters in the campuses of KVASU?

**Qtn 5.3:** Has any application for quarters by any of the assistant wardens is declined by the university? If yes what is the reason for the same?

**ഉത്തരം: (5.1):** ഉണ്ട്.

**ഉത്തരം: (5.2):** Earmark ചെയ്തതിനാൽ preference-ന്റെ ആവശ്യകതയില്ല.

**ഉത്തരം: (5.3):** ഇല്ല.

**തീരുമാനം :** മേൽപ്രകാരം അസിസ്റ്റൻറ് വാർഡന് ഇപ്പോൾ ക്വാട്ടേർഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് ബഹു. അംഗം ഡോ. ദിനേശ്. പി. ടി. അറിയിച്ചു. തുടർന്നുള്ള കാലങ്ങളിലും സമയബന്ധിതമായി ഇത്തരത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. അംഗം ആവശ്യപ്പെട്ടു.

*നടപടി: ഡയറക്ടർ (ഐഡി വിംഗ്)*

---

**Qtn 6:**

**Question regarding the land Issue between KVASU & KAU**

**Qtn 6.1:** What is the Current status of the land issue between KVASU & KAU?

**Qtn 6.2:** What are the steps taken for solving the issue?

**ഉത്തരം (6):**

1. മണ്ണുത്തി ക്യാമ്പസ്സിൽ വെറ്റിനറി സർവകലാശാലക്ക് അനുവദിക്കപ്പെട്ട ഭൂമി നിലവിലും തടസങ്ങൾ ഉയർത്തി കേരള കാർഷിക സർവകലാശാലയുടെ അധീനതയിലാണ്.
2. ഇക്കാര്യം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഇരു സർവകലാ ശാലകളുമായ് ചർച്ച നടത്തിയിരുന്നു. ഈ വിഷയം സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയിൽ എത്തിയതാണെങ്കിലും, കൃഷി വകുപ്പ് തടസ്സം അറിയിച്ചതിനാൽ ഇതുവരെ തീരുമാനം ആയിട്ടില്ല.

**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു. മേൽ വിഷയം ചെയർ ബഹു. എം.എൽ.എ.-മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും, അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബഹു. എം.എൽ.എ.-മാർ ടി വിഷയം പരിശോധിക്കാമെന്ന് സഭയെ അറിയിച്ചു.

*നടപടി: രജിസ്ട്രാർ*

===

**ഡോ. ശ്രീരഞ്ജിനി. എ. ആർ. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (7):**

As per circular No: KVASU/FW/Accounts-3/02/2020(50) dated: 19.06.2024 GST filing at various stations of the University was proposed to be entrusted with trained Section Officers/Assistant Section Officers at each station. GST filing at each station requires committed manpower for timely execution of different filing procedures to meet the deadline which will otherwise invite fine and penalty to the stations. With respect to GST filing the designated employees will have to carry out the responsibilities like timely filing to avoid late fee and penalty before 10th of every month, use of correct forms (GSTR 1, GSTR3B, GSTR 4, GSTR 9), claiming input tax credit correctly, timely tax remittance, e-way bill filing, timely reply to notification from GST department, regular updates regarding GST laws rates compliances etc. Considering the huge responsibility and complexity of the process, whether the University will continue the present system of entrusting the work to an expert consultant? If it is not possible considering the financial obligations, will the University entrust the GST related works with the finance wing of KVASU to avoid issues related to frequent transfer of trained employees from various stations?

**ഉത്തരം: (7):** GST/IT ഫയലിംഗ് ചാർജ് ഇനത്തിൽ സർവകലാശാലയുടെ മുഴുവൻ സ്റ്റേഷനുകൾക്കുമായി പ്രതിവർഷം 10 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്. GST/IT ഫയലിംഗ് ചാർജ് ഇനത്തിൽ ഇത്തരത്തിൽ ഭീമമായ തുക സർവകലാശാലാ സ്രോതസ്സിൽ നിന്നും ചെലവഴിക്കുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത ബാധ്യത ഒഴിവാക്കുന്നതിനാണ് ധനകാര്യ വിഭാഗം നടപടി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ റിട്ടൺ ഫയൽ ചെയ്യുന്നതിന് കൃത്യമായ പരിശീലന ക്ലാസുകൾ അത്തരം കേന്ദ്രങ്ങളിലെ എല്ലാ ജീവനക്കാർക്കും ധനകാര്യ വിഭാഗം നൽകിയിട്ടുള്ളതുമാകുന്നു. ഓരോ സ്റ്റേഷനിലെയും GST/IT ഫയലിംഗ് അതാത് DDO-മാരുടെ ഉത്തരവാദിത്തമാണ്. സ്റ്റേഷനുകളുടെ ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടുന്ന ഇത്തരം കാര്യങ്ങൾ ധനകാര്യ വിഭാഗത്തെ ഏൽപ്പിക്കാൻ കഴിയുകയില്ല. സർക്കാരിന്റെ ഉത്തരവിനും ചട്ടത്തിനും വിപരീതമായ തരത്തിൽ ഫണ്ടുകൾ വിനിയോഗം ചെയ്യുമ്പോൾ ആയത് അതാത് DDO മാരുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റ് വിഭാഗം നിർണയിക്കുന്ന സാഹചര്യം സംജാതമാകും.

**തീരുമാനം :** ബഹു. അംഗങ്ങളായ ഡോ. ബിപിൻ കെ.സി. ഡോ. ശ്രീരഞ്ജിനി. എ.ആർ. എന്നിവരുടെ വിയോജനക്കുറിപ്പോടെ നല്കിയ ഉത്തരം അംഗീകരിച്ചു. ആർ.എഫ്. പ്രൊജക്ടുകൾക്ക് ജി.എസ്.ടി./ഐ.ടി. ഫയലിംഗ് ചെയ്യുന്നതുമായി സംബന്ധിച്ച് ആർ.എഫ്. കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതിന് യോഗം തീരുമാനിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ/ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്.*

---

**ചോദ്യം (8):**

a) As per circular No: KVASU/FW/Funds-1/1560/2024(5) dated: 24.06.2024, it has been stated that all station heads should ensure that the salary of all the employees is submitted in the first stage itself. If the salary bills are submitted for the second release, the circular further states that the suspense amounts will be released only along with the salary in the subsequent month. This is against the interest of station heads and employees of the University as delay in remitting the suspense amount can undermined many welfare schemes including SLI, GIS,& LIC. In this situation, will the University cancel the above circular and disburse the suspense amount along with the salary even if there is a delay in the submission of the salary bill?

b) As per the circular KVASU/FW/funds-1 /1560/2024 (4) dated 14/6/26 and following mail of Finance officer on the earned leave surrender, the Income tax was not allowed to deducted in the bill. Since the leave surrender is credited in to the provident fund, which can be claimed later years, in net effect, the employees has to pay for the whole amount. This causes heavy financial loss to the employees. I am bringing this into the notice of the Management council and will the management council take necessary steps to revoke such orders of the finance officer?

**ഉത്തരം: 8.(a):** 24.06.2024 തീയതിയിലെ KVASU/FW/Funds_1/1560/2024(5) നമ്പർ പരിപത്ര പ്രകാരം ശമ്പള വിതരണം രണ്ട് ഘട്ടമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. രണ്ടാമത് വിതരണം ചെയ്യുന്ന ശമ്പളത്തിൽ നിന്നും കിഴിവ് നടത്തുന്ന NPS വിഹിതം, MEDISEP വരിസംഖ്യ എന്നിവ മാത്രമാണ് തൊട്ടടുത്ത മാസത്തെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യുന്ന NPS വിഹിതം, MEDISEP വരിസംഖ്യ എന്നിവയുടെ കൂടെ ചേർത്ത് അടവാക്കുന്നത്. സ്റ്റേഷനുകളിൽ നിന്ന് അടവാക്കേണ്ടുന്ന സസ്പെൻസ് തുക ശമ്പള വിതരണ തീയതിയിൽ തന്നെ നല്കി വരുന്നുണ്ട്. മാസാദ്യം സമർപ്പിക്കേണ്ട ശമ്പളബില്ലുകൾ കൃത്യമായ കാരണങ്ങളില്ലാതെ വൈകി സമർപ്പിക്കുമ്പോൾ ശമ്പളത്തിൽനിന്നും കിഴിവ് ചെയ്ത് അടക്കേണ്ട തുകകൾ യഥാസമയം അടക്കാൻ കഴിയുകയില്ല. സസ്പെൻസ് തുകകൾ അടവാക്കുന്നതിന് പലതവണ ബാങ്കുകളിലും ട്രഷറികളിലും പോകേണ്ടിവരുന്നത് അനാവശ്യമായ സാമ്പത്തിക ചെലവുകൾക്ക് കാരണമാകുന്നുണ്ട്. സർവകലാശാല അത്തരം അനാവശ്യ ചെലവുകൾ കുറക്കേണ്ടത് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അത്യാവശ്യമാണ്. ആയതിനാൽ വ്യക്തമായ കാരണങ്ങളില്ലാതെ DDO മാരുടെ വീഴ്ച കൊണ്ട് ജീവനക്കാരുടെ ശമ്പളം വൈകിക്കുന്നത് ഒഴിവാക്കുന്നതിനാണ് ഇത്തരമൊരു നിർദേശം നൽകിയിട്ടുള്ളത്. വാർഷിക കണക്കുകൾ ഉൾപ്പെടെ സ്റ്റേഷനിൽ നിന്നും സമർപ്പിക്കേണ്ട പല രേഖകളും സമയബന്ധിതമായി സമർപ്പിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാര്യവും ഗൌരവമായി കാണേണ്ടതാണ്.

**ഉത്തരം: 8.(b):** 14.06.2024 തീയതിയിലെ KVASU/FW/Funds-1/ 1560/ 2024(4) നമ്പർ പരിപത്ര പ്രകാരം സർവകലാശാല ജീവനക്കാരുടെ 2023-24 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. ആർജിതാവധി സറണ്ടർ തുക പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാണ് സർക്കാർ നിർദേശമുള്ളത്. ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുന്നോടിയായിത്തന്നെ Anticipatory Income Tax സ്റ്റേറ്റ്മെന്റ്

അതാത് ഓഫീസുകളിൽ സമർപ്പിച്ചു വരുന്നുണ്ട്. ആയത് പ്രകാരം ഒരു സാമ്പത്തിക വർഷം അടക്കേണ്ടുന്ന ആകെ IT 12 മാസ തവണകളായാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നത്. ആയതിനാൽ തന്നെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് മൂലമുള്ള വരുമാനം കൂടി ഉൾപ്പെടുത്തി ആനുപാതികമായി മാസ ശമ്പളത്തിൽനിന്നും IT ഈടാക്കുകയാണ് ചെയ്യേണ്ടത്.

**തീരുമാനം 8 (a) & (b):** നല്കിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ*

==========================================================================

**ശ്രീ. അഭിറാം. പി.ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (9):**

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 2015 ഇലാണ് കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം സ്ഥാപിതമായത്. അതിന് ശേഷം കോളേജിന് സ്വന്തം ഹോസ്റ്റലും മെസ്സും ഉണ്ടായിരുന്നില്ല. താൽക്കാലികമായി, വിദ്യാർത്ഥികൾ ബി.എസ്.എൻ.എൽ. ഹോസ്റ്റലിൽ താമസിക്കുകയും അവിടത്തെ മെസ് സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നു.

ഈ ക്രമീകരണം കോളേജ് യൂണിയനും പിറ്റിഎയും തമ്മിലുള്ള 2016-ൽ നടന്ന യോഗത്തിൽ ഔദ്യോഗികമായി തീരുമാനിക്കപ്പെട്ടു, ബി.എസ്.എൻ.എൽ. ഹോസ്റ്റൽ, മെസ് ഉപയോഗിക്കാനും, ബി.എസ്.എൻ.എൽ.ന് കൊടുക്കുന്ന ഹോസ്റ്റൽ വാടക വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി തിരിച്ചുതരാനും തീരുമാനിച്ചു.

എങ്കിലും, റീഫണ്ട് പ്രക്രിയയിൽ വലിയ രീതിയിലുള്ള വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

2018,2019 ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് 2022 മാർച്ച് വരെ മാത്രമാണ് റീഫണ്ട് ലഭിച്ചത്.

2020 ബാച്ചിലെ വിദ്യാർത്ഥികൾക്ക് 2022 മാർച്ച് വരെ മാത്രമാണ് റീഫണ്ട് ലഭിച്ചത്.

2021 മുതൽക്കുള്ള ബാച്ചുകളിലെ വിദ്യാർത്ഥികൾക്ക് റീഫണ്ട് ലഭിച്ചിട്ടില്ല.
ഇത് വിദ്യാർത്ഥികൾക്കും അവരുടെ കുടുംബംങ്ങൾക്കും വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി ആണ് സൃഷ്ടിക്കുന്നത്. ഇത് അവരുടെ പഠനത്തെയും കാര്യമായി ബാധിക്കുന്നുണ്ട്.
ഇതിനു എന്ത് നടപടി ആണ് യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ളത്.

**ഉത്തരം: (9):** തിരുവനന്തപുരം ഡയറി സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് താമസസൗകര്യത്തിനായി ഏർപ്പെടുത്തിട്ടുള്ള BSNL-RTTC യുടെ ഹോസ്റ്റൽ റൂമുകളുടെ വാടകയിനത്തിൽ വിദ്യാർത്ഥികൾ ഒടുക്കുന്ന തുക (ദിവസേന Rs.110+GST), കോളേജ് കെട്ടിടത്തിൻ്റെ വാടക എന്നിവ സർവ്വകലാശാല ഇൻഫ്രാസട്ക്ച്ചർ ഡെവലപ്പ്മെന്റ് - Hiring facilities for college, office, accommodation of staff & students in all campus' എന്ന State Plan പദ്ധതിയിൽ

| | |
|---|---|
| | നിന്നുമാണ് തിരികെ നൽകിവരുന്നത്. BSNL-RTTC ഹോസ്റ്റലിൽ താമസ സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ, വാടക തുക BSNL അഡ്മിനിസ്ട്രേഷൻ ഓഫീസിലേക്ക് നേരിട്ടടച്ച രശ്ശീതി കോളേജിൽ സമർപ്പിക്കുന്ന മുറക്ക് ആയത് DAR ഓഫീസിൽ നിന്നും ഐ.ഡി.വിംഗിലേക്ക് അയച്ചു നൽകാറുണ്ട്. പ്ലാൻ തുകയുടെ ലഭ്യതയനുസരിച്ച് ഐ.ഡി വിംഗ് ഡയറക്ടർ, വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതിനുള്ള തുക ഈ കോളേജിലേക്ക് അനുവദിക്കുകയും ടി തുക കോളേജ് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്ന മുറക്ക് അർഹതപ്പെട്ട വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയുമാണ് ചെയ്തു വരുന്നത്.<br><br>➢ ഈ കോളേജിലെ 2015 അഡ്മിഷൻ മുതൽ 2020 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾക്ക് 31/03/2022 വരെയുള്ള കാലയളവിലേക്ക് മേൽ സൂചിപ്പിച്ച പ്രകാരം തിരികെ നൽകേണ്ട തുക ഐ.ഡി.വിംഗിൽ നിന്നു ലഭ്യമായ മുറക്ക് കൈമാറിയിട്ടുണ്ട്.<br>➢ 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിലേക്ക് ഈ കോളേജ് 2018, 2019, 2020, 2021 & 2022 അഡ്മിഷൻ വിദ്യാർത്ഥികൾ BSNL ലേക്ക് ഹോസ്റ്റൽ വാടകയിനത്തിൽ ഒടുക്കിയ തുക (Rs.21,38,262) ഐ.ഡി.വിം ഡയറക്ടറുടെ 06/03/2024 തീയ്യതിയിലെ കെ.വി.എ.എസ്.യു /ഐ.ഡി.ഡബ്യു/ജി-51059/2019 നമ്പർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ പദ്ധിതിയിൽ നിന്നും അനുവദിച്ചിരുന്നെങ്കിലും ടി തുക കോളേജിന്റെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ ലഭ്യമായിട്ടില്ല. ടി തുക കോളേജിനു ലഭ്യമാക്കുന്ന മുറക്ക് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.<br><br>2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ഗവൺമെൻ്റ് ഭരണാനുമതി നൽകിയിട്ടുള്ള സർവ്വകലാശാലയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ ഐ.ഡി.വിംഗിൻ്റെ 'Hiring facilities for college, office, accommodation of staff & students in all campus m ഉൾപ്പെട്ടിട്ടില്ലാത്തതിനാൻ, ഈ കോളേജിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ വാടക തുക തിരികെ നൽകുന്നതിനും, കോളേജ് കെട്ടിടത്തിൻ്റെ വാടക നൽകുന്നതിനു വേണ്ട തുക അനുയോജ്യമായ മറ്റ് ഫണ്ടുകളിൽ നിന്നോ, മറ്റ് സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ നിന്നോ അനുവദിക്കേണ്ടതുണ്ടെന്ന് ശ്രദ്ധയിപ്പെടുത്തുന്നു. മേൽ വിഷയത്തിൽ സർവ്വകലാശാല തലത്തിൽ നിന്നുള്ള തീരുമാനമനുസരിച്ച്, 2023 ഏപ്രിൽ മുതൽ വിദ്യാർത്ഥികൾ BSNL ലേക്ക് വാടകയിനത്തിൽ ഒടുക്കിയ തുകയുടെ രശ്ശീതികൾ ബന്ധപ്പെട്ട ഓഫീസിലേക്ക് അയച്ചുനൽകുന്നതാണെന്ന് അറിയിക്കുന്നു.<br><br>ഈ വിഷയത്തിൽ ഐ ഡി വിങ് ഡയറക്ടറുടെ റിപ്പോർട്ട്:<br><br>റീഫണ്ടിനു വേണ്ടി 21,38,262/- രൂപയുടെ ചെക്ക് ട്രെഷറിയിൽ നൽകിയെങ്കിലും 2024 മാർച്ച് മാസം സർക്കാർ തുക തിരിച്ചു പിടിച്ചു. 2024-25-ൽ ടി. |

ശീർഷകം സർക്കാർ അനുവദിച്ചിട്ടില്ല. സർക്കാരിൽ നിന്നും പ്രത്യേകമായി ശീർഷകവും തുകയും അനുവദിച്ചാൽ മാത്രമേ ടി. വിഷയം പരിഹരിക്കപ്പെടുകയുള്ളൂ.

**തീരുമാനം (9) :** നല്കിയ ഉത്തരം അംഗീകരിച്ചു.
*നടപടി: ഡയറക്ടർ (ഐഡി വിംഗ്)/ഫിനാൻസ് ഓഫീസർ*

------------------------------------------------------------------------------- -------------------

**ചോദ്യം (10):**

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ ഡയറി സയൻസ് കോളേജുകൾക്ക് 27.05.2023 ലെ G.O.(Ms)No.13/2023/AHD സർക്കാർ ഉത്തരവ് പ്രകാരം 69 അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട് .
നിയമനം നടത്താൻ വൈകുന്നത് എന്തുകൊണ്ട്?
**ഉത്തരം: (10):** അധ്യാപക തസ്തികയിലേക്ക് വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടി സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

**തീരുമാനം :** 86-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗ തീരുമാനം (ഇനം ഒ.എ. 4) അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
*നടപടി: രജിസ്ട്രാർ*

==========================================================================

**ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (11):**

2019 ലെ ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശികയും, ലീവ് സറണ്ടറും തൊഴിലാളികൾക്കും മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും പണമായി അനുവദിക്കണമെന്ന് സർക്കാർ ഉത്തരവുണ്ടായിട്ടും നമ്മുടെ സർവ്വകലാശാലയിൽ ഇതുവരെയും കൊടുത്തിട്ടില്ല. മറ്റ് സർക്കാർ സ്ഥാപനങ്ങളിലും, കാർഷിക സർവ്വകലാശാലയിലും ശമ്പള പരിഷ്ക്കരണത്തിന്റെ മൂന്ന് ഗഡുകളും പണമായി കൊടുക്കുകയും ഈ വിഭാഗത്തിലുള്ളവർക്ക് ലീവ് സറണ്ടർ അനുവദിക്കുന്നതിന് യാതൊരു തടസ്സനുമില്ലാതെ നല്ക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ശമ്പള പരിഷ്ക്കരണത്തിന്റെ മുഴുവൻ കുടിശ്ശികയും ലീവ് സറണ്ടറും എന്ന് കൊടുക്കും, ഇല്ലെങ്കിൽ കൊടുക്കുവാനുള്ള തടസ്സം എന്താണ്?

**ഉത്തരം: (11):** പതിനൊന്നാമത് ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക സർവകലാശാലാ തൊഴിലാളികൾക്ക് നൽകുന്നതിനായി 3,09,20,067/- രൂപയും (മൂന്ന് കോടി ഒൻപത് ലക്ഷത്തി ഇരുപത്തിനായിരത്തി അറുപത്തി ഏഴ് രൂപ മാത്രം) ജീവനക്കാരുടെ 2023-24 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി 3.70 കോടി രൂപയും ആവശ്യമാണ്. എന്നാൽ സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മേൽപ്പറഞ്ഞ തുകകൾ നൽകുന്നതിന് പര്യാപ്തമല്ല. സർവകലാശാലയുടെ ധനസ്ഥിതി മെച്ചപ്പെടുന്ന സ്ഥിതിക്കോ അധിക ധന ലഭ്യതക്കനുസരിച്ചോ മേൽ തുക വിതരണം ചെയ്യുന്നത് പരിഗണിക്കുന്നതാണ്.

**തീരുമാനം :** നല്കിയ ഉത്തരം അംഗീകരിച്ചു. 86-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാന പ്രകാരം ശമ്പള പരിഷ്കാരണ കുടിശ്ശിക (പണമായി നൽകാനുള്ളത്)

| | |
|---|---|
| | നല്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ*<br>--------------------------------------------------------------------------------<br>**ചോദ്യം (12):**<br>: സർവ്വകലാശാലയിലെ ക്ലാസ്സ് ഫോർ പമ്പ് ഓപ്പറേറ്റർ ഒഴിവുകളിൽ ആഭ്യന്തര നിയമനം അനിശ്ചിതമായി നീളുകയാണ്. ഈ ഒഴിവുകളിൽ ആഭ്യന്തര നിയമനം എപ്പോൾ നടത്തും. ഇല്ലെങ്കിൽ നിയമിക്കാനുള്ള തടസ്സം എന്താണ്?<br>**ഉത്തരം: (12):** ക്ലാസ് IV തസ്തികയിലേക്ക് 300 പേരുടെ പരീക്ഷ നടത്തുകയും ഉത്തരകടലാസ് മൂല്യനിർണയം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br>**തീരുമാനം :** 86-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗ തീരുമാനം (ഇനം 3.6) അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>================================================================ |
| 1.4 | അടിയന്തിര പ്രമേയം ഉണ്ടെങ്കിൽ, ആയത്<br><br>1. **ഡോ. കെ. ആർ. ബിനു പ്രശാന്ത് ഉന്നയിച്ച പ്രമേയം.**<br><br>***പ്രമേയം 1:***<br><br>Veterinary Council of India Minimum Standards of Veterinary Education- (Bachelor of Veterinary Science and Animal Husbandry - Degree Course) Regulations, 2016 ലെ PART IV - VETERINARY CURRICULUM - STRUCTURING AND ORGANIZATION OF COURSE CURRICULUM<br><br>സെക്ഷൻ 12 Internship ലെ സബ് സെക്ഷൻ-<br><br>(5) The State or Union territory Veterinary Council shall grant provisional registration to the candidate on production of provisional Bachelor of Veterinary Science and Animal Husbandry course completion certificate and the provisional registration shall be valid for a minimum period of twelve months and maximum of sixteen months.<br><br>(6) After provisional registration with the State or Union Territory Veterinary Council, the candidate shall register for internship of twelve calendar months.<br><br>മേൽ സെക്ഷനുകളനുസരിച്ച് കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ചതിനു ശേഷം മാത്രമാണ് വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിന് പോകേണ്ടത്. ആയതിനാൽ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികൾ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ സമർപ്പിച്ച തീയതി മുതൽ ചുരുങ്ങിയത് പത്ത് പ്രവർത്തിദിനങ്ങൾ കഴിഞ്ഞുള്ള തീയതിയായിരിക്കണം ഇന്റേൺഷിപ്പിന്റെ തുടക്ക തീയതിയായി നിശ്ചയിക്കേണ്ടതെന്ന് ആവശ്യപ്പെടുന്നു.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു. കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് നല്കി ആയത് വെറ്ററിനറി കൌൺസിലിൽ ലഭ്യമാക്കി, |

കുറഞ്ഞത് 7 ദിവസത്തിന് ശേഷം മാത്രം ഇന്റേൺഷിപ്പ് ആരംഭിക്കുന്നത് ഷെഡ്യൂൾ ചെയ്യണമെന്ന ആവശ്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്.*

---

***പ്രമേയം 2:***

Veterinary Council of India Minimum Standards of Veterinary Education- (Bachelor of Veterinary Science and Animal Husbandry - Degree Course) Regulations, 2016 ലെ

PART III - ADMISSION TO THE BACHELOR OF VETERINARY SCIENCE AND ANIMAL HUSBANDRY DEGREE COURSE ലെ

സെക്ഷൻ 7 - Selection of students - സബ് സെക്ഷൻ 10 പറയുന്നത് ഇപ്രകാരമാണ്. A candidate shall not be allowed admission to Bachelor of Veterinary Science and Animal Husbandry degree course including those admitted under 15% reserved quota of Veterinary Council of India if he or she suffers the following disabilities, namely:-

a. disability of total body including disability of chestorspine more than 50%,
b. disability of lower limb of more than 50%,
c. disability of upper limb,
d. visually handicapped candidates and those with hearing disability,
e. candidates with progressive diseases like myopathies etc.
f. disabilities which otherwise would interfere in the performance of the duties of a veterinarian.

ഇത്തരം ശാരീരിക പരിമിതികൾ ഉള്ളവരെ ഒഴിവാക്കിയാകണം B.V.Sc. & A.H കോഴ്സിന് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതെന്ന് ആവശ്യപ്പെടുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു. ഭാവിയിൽ ബി.വി.എസ്.സി.&എ.എച്ച്. കോഴ്സിന് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ശാരീരിക പരിമിതി ഉള്ളവരെ ഒഴിവാക്കുന്നതിനായി അഡ്മിഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്.*

---

**2. ശ്രീ. കെ.എം. സച്ചിൻദേവ് ഉന്നയിച്ച പ്രമേയം.**

ജനാധിപത്യപരമായി തിരഞ്ഞെടുത്ത കമ്മറ്റികളുടെ യോഗവും

പ്രവർത്തനവും ക്രമീകരിക്കുന്നത് സംബന്ധിച്ച്

സർവകലാശാലയുടെ മാനേജ്മെന്റ് കൗൺസിൽ യോഗം കൂട്ടിയത് 19.03.2024 തീയ്യതിയിലാണ്. 5 മാസത്തിനു ശേഷം 22.08.2024 തീയതിയിലാണ് അടുത്ത യോഗം കൂടുന്നത്. സർവകലാശാല ആക്ട് ചാപ്റ്റർ V, ക്ലോസ് 22 (7) പ്രകാരം മാനേജ്മെന്റ് കൗൺസിൽ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും കൂടുകയും, രണ്ടു മീറ്റിങ്ങുകൾ തമ്മിലുള്ള അന്തരം 3 മാസത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ജനാധിപത്യപരമായി നിലവിൽ വന്ന ഭരണ സമിതികൾ ആക്ട്/സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കുന്ന പ്രകാരം യോഗം ചേരുന്നില്ല.

പൂക്കോട് വെറ്ററിനറി കോളേജിലെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപെട്ട വിദ്യാർത്ഥി യൂണിയന് പകരമായി ഒരു ad-hoc കമ്മറ്റി രൂപീകരിച്ചു കൊണ്ട് സ്വേഛാധിപത്യപരമായ രീതിയിലേക്ക് മാറുകയും, വിദ്യാർത്ഥി യൂണിയനു നിലവിൽ പ്രവർത്തിക്കാൻ അനുവദിക്കാത്ത സാഹചര്യം സർവകലാശാല സൃഷ്ടിച്ചിരിക്കുകയാണ്. സർവകലാശാല ആക്ട്/സ്റ്റാറ്റ്യൂട്ട്/അക്കാദമിക്ക് റെഗുലേഷൻ എന്നിവയിലൊന്നും ഇത്തരം ഒരു ad-hoc കമ്മറ്റിയെ പറ്റി പരാമർശിച്ചിട്ടുമില്ല.

യോഗ നടപടികൾ അവസാനിക്കുന്നതിനു മുന്നേ അടുത്ത കൗൺസിൽ യോഗത്തിന്റെ തീയ്യതി തീരുമാനിക്കുയ്ക്കയും, പ്രസ്തുത തീയതിയിൽ തന്നെ യോഗം നടത്തുന്നതിനും, തിരഞ്ഞെടുക്കപ്പെട്ട യൂണിയന് പ്രവർത്തനം നടത്തുന്നതിനുള്ള അനുമതിയും നൽകണമെന്ന് അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു. സ്റ്റാറ്റ്യൂട്ട് നിഷ്കർഷിച്ചിട്ടുള്ള കാലയളവിൽ ബോർഡ് ഓഫ് മാനേജ്മെന്റ് & മാനേജ്മെന്റ് കൌൺസിൽ യോഗങ്ങൾ ചേരുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു. പൂക്കോട് വെറ്ററിനറി കോളേജിലെ തിരഞ്ഞെടുക്കപ്പെട്ട യൂണിയന്റെ പ്രവർത്തനം തടയുന്ന അഡ്ഹോക്ക് കമ്മിറ്റിയുടെ നടപടി ജനാധിപത്യ വിരുദ്ധമാണെന്ന് ബഹു. അംഗം അഭിപ്രായപ്പെട്ടു. ആയത് പരിശോധിക്കു ന്നതാണെന്ന് ചെയർ യോഗത്തെ അറിയിച്ചു.

*നടപടി: രജിസ്ട്രാർ/ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്.*

---

**3. ശ്രീ. സുധീഷ്. പി. എസ്. ഉന്നയിച്ച പ്രമേയം.**

പ്രമേയം. 1. തിരുവിഴാംകുന്ന് ഫാമിൽ ആനശല്യം രൂക്ഷമായതിനാൽ അടിക്കാട് വെട്ടുന്നതിനും ആനയെ ഓടിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കാൻ യോഗം തീരുമാനിക്കുന്നു.

2. മുഴുവൻ കാഷ്വൽ തൊഴിലാളികൾക്കും യൂനിഫോം/ചപ്പൽ അലവൻസ് അനുവദിക്കണമെന്ന് യോഗം തീരുമാനിക്കുന്നു.

3. പൂക്കോട് ഫാമിലെ തൊഴിലാളികളുടെ സീനിയോരിറ്റി വിഷയങ്ങൾ അടിയന്തിരമായി പരിഹരിച്ച് സീനിയർ തൊഴിലാളികളെ ഷെഡിലും ജൂനിയർ തൊഴിലാളികളെ ഫോഡറിലും നിയോഗിക്കാൻ യോഗം തീരുമാനിക്കുന്നു.

**തീരുമാനം:** (1) തിരുവാഴാംകുന്ന് ഫാമിലെ വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിന് ഹാഗിംഗ് ഫെൻസ് നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതാണ്. അടിക്കാട് വെട്ടുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

*നടപടി: ഡയറക്ടർ (ഐഡി വിംഗ്)/രജിസ്ട്രാർ*

(2) യൂണിഫോം അലവൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

(3). പൂക്കോട് ഫാമിലെ തൊഴിലാളികളുടെ സീനിയോരിറ്റി വിഷയങ്ങളുമായി ബന്ധപ്പെട്ട് കേസ് നിലനില്ക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു.

*നടപടി: രജിസ്ട്രാർ*

---

**4. ഡോ. എ.ആർ. ശ്രീരഞ്ജിനി ഉന്നയിച്ച പ്രമേയം.**

സമാനതകളില്ലാത്ത ദുരന്തമാണ് സമീപകാലത്ത് വയനാട് സാക്ഷ്യം വഹിച്ചത്. മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ മനുഷ്യ മനസ്സാക്ഷിയെ ആകെ ഉലച്ച സംഭവമാണ്. മനുഷ്യ സ്നേഹത്തിന്റെ വലിയ മാതൃകയാണ് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നാമെല്ലാം കണ്ടത്. എല്ലാ മനുഷ്യരും, സംഘടനകളും, സ്ഥാപനങ്ങളും മാതൃകാപരമായി ഈ സമയത്ത് ഇടപെട്ടിരുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സർവ്വകലാശാലയും സഹായങ്ങൾ എത്തിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, മുൻ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ ദുരന്ത സമയങ്ങളിൽ ഇടപെട്ടതിനോട് സമാനമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്നത് ഖേദകരമാണ്. വയനാട്ടിലെ ആശ്രയവും, പ്രതീക്ഷയുമായ ഒരു വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ കൂടുതൽ സംഭാവനകൾ ഈ സർവ്വകലാശാലയിൽ നിന്നും പൊതു സമൂഹം പ്രതീക്ഷിക്കുന്നുണ്ട്. ആയതിനാൽ മുണ്ടക്കൈ-ചൂരൽമല ദുരിത ബാധിതർക്കായി സർവ്വകലാശാല ഒരു പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിക്കണമെന്ന് ഈ യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** മുണ്ടക്കൈ - ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നടത്തിയ പ്രവർത്തനങ്ങൾ ബഹു. വൈസ് ചാൻസലർ വിശദീകരിച്ചു.

*നടപടി: ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്.*

---

**5. ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച പ്രമേയം.**

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് മൃഗചികിത്സാ - ഗവേഷണ രംഗത്ത് മികവാർന്ന സംഭാവന നൽകി വരുന്ന സ്ഥാപനമെന്ന നിലയിൽ ധാരാളം ദേശീയ-സംസ്ഥാന തലത്തിലുള്ള അംഗീകാരങ്ങൾ കൈവരിക്കാൻ ചുരുങ്ങിയ കാലയളവിൽ തന്നെ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ അടുത്തയിടെ പ്രസിദ്ധീകരിക്കപ്പെട്ട ദേശീയ തലത്തിലുള്ള മികവാർന്ന സ്ഥാപനങ്ങളുടെ പട്ടികയായ NIRF റാങ്കിങ്ങിൽ ഇടം നേടാൻ നമ്മുടെ സർവ്വകലാശാലയ്ക്ക് ആയില്ല എന്നത് ഖേദകരമാണ്. സർവ്വകലാശാലയുടെ IQAC ഈ വിഷയം പ്രത്യേകമായി പരിഗണിച്ച് പോരായ്മകൾ കണ്ടെത്തി തിരുത്തും എന്നുറപ്പാണ്. എന്നാൽ നിലവിൽ സർവ്വകലാശാലയിലെ അദ്ധ്യാപക ക്ഷാമം ഈ പ്രശ്നങ്ങളുടെ ഗൗരവം വർദ്ധിപ്പിക്കുന്നുണ്ട്. പൂക്കോട് വെറ്ററിനറി കോളേജിലും, വിവിധ ഡയറി ടെക്നോളജി, ഫുഡ് ടെക്നോളജി, പൗൾട്ടറി മാനേജ്മന്റ് കോളേജുകളിലും പ്രതിസന്ധി രൂക്ഷമാണ്. നിലവിൽ ഡയറി ടെക്നോളജി - ഫുഡ് ടെക്നോളജി കോളേജുകൾക്കായി അനുവദിച്ച അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 150 ലധികം അദ്ധ്യാപക തസ്തികകൾ സർവ്വകലാശാലയിൽ ഒഴിഞ്ഞു കിടക്കുന്നു. ഇത് അടിയന്തിരമായി നികത്തുന്നതിലൂടെ മാത്രമേ സർവ്വകലാശാലയിലെ അക്കാദമിക-ഗവേഷണ മേഖലയിൽ ഒരു സമഗ്രമായ മുന്നേറ്റം സാധ്യമാകൂ. അതോടൊപ്പം തന്നെ നിലവിൽ അദ്ധ്യാപകർ ഒന്നിലധികം അധിക ചുമതലകൾ ഉൾപ്പെടെ ഏറ്റെടുത്തു കൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഈ സാഹചര്യത്തിനും അടിയന്തിരമായി പ്രതിവിധി കാണേണ്ടതുണ്ട്. ആയതിനാൽ സർവ്വകലാശാലയിലെ ഒഴിവുള്ള എല്ലാ അദ്ധ്യാപക തസ്തികകളും നികത്തുന്നതിനായി അടിയന്തിരമായി നടപടികൾ കൈക്കൊള്ളുന്നതിനു സർവകലാശാലയോട് ആവശ്യപ്പെടാൻ ഈ യോഗം ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** NIRF റാങ്കിംഗ് മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

---

**6. ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയങ്ങൾ:**

പ്രമേയം 1

അക്കാദമിക കാര്യങ്ങളോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ കായിക ക്ഷമതയും ഉറപ്പുവരുത്തേണ്ടത് സർവകലാശയുടെ ഉത്തരവാദിത്തമാണ്.

എന്നാൽ സർവകലാശാലക്ക് കീഴിൽ നിലവിൽ മൂന്ന് കോളജുകളിൽ മാത്രമാണ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ സ്ഥിരം അധ്യാപകർ ഉള്ളത്. മറ്റു കോളേജുകളിൽ വളരെ മോശമായ രീതിയിലാണ് ഇത് കൈകാര്യം ചെയ്ത് വരുന്നത് കുട്ടികൾക്കു കായിക മേഖലയിൽ ഇന്ററർ യൂണിവേഴ്സിറ്റി മത്സരങ്ങൾക്കു അടക്കം പങ്കെടുക്കാൻ യൂണിവേഴ്സിറ്റി അവസരം നൽകുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യം മെച്ചപെടുത്താൻ കഴിയുന്നില്ല.സർവകലാശായിലെ പ്രധാന ക്യാമ്പസുകളിലെ ഗ്രൗണ്ട് ഇൻഡോർ സ്റ്റേഡിയം മുതലായവ പലപ്പോളും റെന്റിനു കൊടുക്കാറുണ്ട് ഇതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി നിശ്ചിത തുകയും ഉടാകുന്നുണ്ട്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന തുക അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിക്കുന്നില്ല.യൂണിവേഴ്സിറ്റിക്കു കീഴിൽ കൂടുതൽ സ്ഥലമുള്ള തിരുവിഴാംകുന്ന് പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഏവിയൻ സയൻസ് ആൻഡ് മാനേജ്മെന്റ് നു സ്വന്തമായി ഒരു ഗ്രൗണ്ട് വേണമെന്ന് അറിയിക്കുകയും അതിനായി യൂണിവേഴ്സിറ്റി റിപ്പോർട്ട് സമാഹരിക്കുകയും ചെയ്തു. എന്നാൽ ബഡ്ജറ്റ് കൂടിയതിനാൽ നിലവിൽ നടത്താൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചത്.എന്നാൽ നിലവിൽ സർവകലാശാലയുടെ കീഴിലെ തിരുവാഴാംകുന്ന് ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷനിലെ ഭൂമി ദേശീയ പാതാ അതോറിറ്റിക്ക് കൈമാറിയ വകയിൽ 22,98,38,618/- രൂപ സർവകലാശാലക്ക് ലഭ്യമായിട്ടുണ്ട് ഈ തുകയിൽ നിന്ന് ഒരു നിശ്ചിത വിഹിതം ഗ്രൗണ്ട് നിർമാണത്തിന് ഉപയോഗപ്പെടുത്തണമെന്നും മറ്റു കോളേജുകളിൽ നിന്ന് ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം മുതലായവയിൽ റെന്റ് വിഭാഗത്തിൽ ഈടാക്കുന്ന തുക ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യത്തിന് ഉപയോഗപെടുത്തണമെന്നും കൂടാതെ ഈ മേഖലയിൽ കൂടുതൽ പദ്ധതികളും മറ്റും സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ മുൻപാകെ വെക്കണമെന്നും അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം (1):** തിരുവാഴാംകുന്ന് കാമ്പസ്സിലെ ഗ്രൌണ്ട് വൃത്തിയാക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബാക്കി വിഷയങ്ങൾ പഠിച്ച് പരിശോധിച്ച് നടപടി എടുക്കുന്നതിനും തീരുമാനിച്ചു.

*നടപടി: ഡയറക്ടർ (ഐഡി വിംഗ്)*

| | |
|---|---|
| | പ്രമേയം 2<br><br>സർവകലാശാലക്ക് കീഴിലെ പിജി വിദ്യാർത്ഥികൾക്ക് ജൂനിയർ ഫെല്ലോഷിപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അക്കാദമിക്ക് കൗൺസിലിൽ നിയന്ത്രണം വരുത്തിയിരുന്നു. എന്നാൽ ആ കൗൺസിൽ വിദ്യാർത്ഥി പ്രതിനിധിയുടെ കാലാവധി കഴിഞ്ഞതിനാൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല, അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്കിടയിൽ ഇത് വലിയ ബുദ്ധിമുട്ട് സൃഷിടിച്ചിട്ടുണ്ട് ആയതിനാൽ ഈ വിഷയം ചർച്ച ചെയ്യാൻ അടിയന്തിരമായി യൂണിവേഴ്സിറ്റി വിദ്യാർത്ഥി സംഘടന പ്രതിനിധികളുമായി ഒരു ചർച്ച നടത്തിയശേഷം തുടർ നടപടികളിലേക്ക് പോകണമെന്ന് അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു<br><br>**തീരുമാനം (2) :** ഫണ്ട് ലഭ്യത കൂടി പരിഗണിച്ചാണ് അക്കാദമിക് കൌൺസിൽ തീരുമാനം. പി.ജി. വിദ്യാർത്ഥികൾക്ക് ഐ.സി.എ.ആർ. ഫെല്ലോഷിപ്പ് അനുവദിക്കുന്ന മാനദണ്ഡങ്ങളുടെ മാതൃകയിൽ, ജൂനിയർ ഫെല്ലോഷിപ്പുകളുടെ എണ്ണം അക്കാദമിക് കൌൺസിൽ നിശ്ചയിച്ചിട്ടുള്ളത് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗീകരിച്ചിട്ടുള്ളതാണ്.<br>*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്.*<br>------------------------------------------------------------------------------------------------------ ------- |
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | നടപടി കുറിപ്പുകൾ സ്ഥിരീകരിച്ചു. ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിച്ചു. |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്.<br>1. പൊതുഭരണ വിഭാഗം - ഡോ.ഷമീം.എച്ച്, പാരാസൈറ്റോളജി വിഭാഗം അസിസ്റ്റന്റ്പ്രൊഫസർ, മണ്ണുത്തി വെറ്ററിനറി കോളേജ് - അനധികൃത അവധിയിൽ തുടരുന്നതിനാൽ രാജി വെച്ചതായി കണക്കാക്കികൊണ്ട് സർവ്വകലാശാല സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്.<br>**തീരുമാനം:** അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>2. പൊതുഭരണം - കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ മൂന്നാമത്തെ ഫാക്കൽട്ടിയായി പൗൾട്രി സയൻസ് ഉൾപ്പെടുത്തുന്നതിനുവേണ്ടി സർവ്വകലാശാല ആക്ട് 37 ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.<br>**തീരുമാനം:** അംഗീകരിച്ചു. |

| | |
|---|---|
| | *നടപടി: രജിസ്ട്രാർ*<br>3. GA/C3 - Hearing of Dr. M.K. Narayanan (Dean) & Dr. R. Kanthanathan (Asst. Warden) - Finalizing disciplinary Action - Reg.<br>**തീരുമാനം:** 86-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനം (ഒ.എ. ഇനം നം. 7) അംഗീകരിച്ചു. നിലവിൽ സസ്പെൻഷനിൽ കഴിയുന്ന ഡോ. എം.കെ. നാരായണൻ (ഡീൻ), ഡോ. ആർ. കാന്തനാഥൻ, അസിസ്റ്റൻറ് പ്രൊഫസർ എന്നീ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണ കമ്മീഷൻ വീഴ്ചകൾ കണ്ടെത്തിയതായി GS6-411/2024 നമ്പറിലുള്ള 12-08-2024 തീയതിയിലെ കത്ത് പ്രകാരം ബഹു. ചാൻസലറുടെ ഓഫീസിൽ നിന്ന് അറിയിച്ച് സർവ്വലാശാല ആക്ട് സെക്ഷൻ 9(7)(iii) പ്രകാരം നടപടി സ്വീകരിച്ച് മാനേജ്മെൻറ് കൗൺസിലിന്റെ അഭിപ്രായം അറിയിക്കാൻ നിർദ്ദേശിച്ചതിൽ, അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വിശദമായി പരിഗണിച്ച് അടുത്ത യോഗത്തിൽ അഭിപ്രായം രൂപീകരിക്കാവുന്നതാണ് എന്ന് തീരുമാനമെടുത്തു. ഇക്കാര്യം പരിഗണിക്കുന്നതിന്, ബഹു. ചാൻസലർ അനുവദിച്ചിട്ടുള്ള സമയ പരിധിക്ക് അകത്ത് കൗൺസിലിന്റെ ഒരു സ്പെഷ്യൽ മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിനും റിപ്പോർട്ടിലെ വിവരങ്ങൾ അഭിപ്രായ രൂപീകരണത്തിലേക്കായി കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുന്നതിന് അധ്യാപക വിഭാഗം പ്രതിനിധികളായ ഡോ. എ.ആർ. ശ്രീരഞ്ജിനി. ഡോ. ബിപിൻ കെ.സി., ഡോ. ദിനേശ് പി.ടി. എന്നിവർ അടങ്ങിയ കമ്മിറ്റി നിശ്ചയിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | Approved.<br>*Action: DAR* |
| 2.2 | പ്രവർത്തന റിപ്പോർട്ട് – ഡി.എ.ആർ. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.3 | പ്രവർത്തന റിപ്പോർട്ട് – വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 3.1 | പൊതുഭരണം - സർവ്വകലാശാലയുടെ മാനേജ്മെന്റ് കൗൺസിലി ലേക്ക് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിന്നുള്ള പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുവേണ്ടി സർവ്വകലാശാല ആക്ട് 21 ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.2 | പൊതുഭരണം - തൊഴിലാളി വിഭാഗം - നിലവിലുള്ള ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ടു ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.3 | പ്രവർത്തന റിപ്പോർട്ട് – പൊതുഭരണ വിഭാഗം |

| | |
|---|---|
| തീരുമാനം | ശ്രദ്ധിച്ചു. |
| 4.1 | DE - Distance Learning Programme Approval of Final Result notification – Reg. |
| തീരുമാനം | Approved.<br>*Action: DE* |
| 4.2 | ഡി.ഇ - 2021-2022, 2022-2023 വർഷത്തെ വാർഷിക റിപ്പോർട്ട് മാനേജ്മെന്റ് കൗൺസിലിൽ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| തീരുമാനം | അംഗീകരിച്ചു.<br>നടപടി: ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ് |
| 4.3 | ഡി.ഇ. – പ്രവർത്തന റിപ്പോർട്ട് |
| തീരുമാനം | ശ്രദ്ധിച്ചു. |
| 5.2 | ഐ.ഡി. വിംഗ് – പ്രവർത്തന റിപ്പോർട്ട് |
| തീരുമാനം | ശ്രദ്ധിച്ചു. |
| 6.1 | ധനകാര്യവിഭാഗം - മാനേജ്മെന്റ് കൗൺസിലിന്റെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. |
| തീരുമാനം | റിപ്പോർട്ട് അംഗീകരിച്ചു സർക്കാരിൽ സമർപ്പിക്കുന്നതിന് അനുമതി നല്കി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | ധനകാര്യ വിഭാഗം - സർവ്വകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത്-സംബന്ധിച്ച്. |
| തീരുമാനം | വാർഷിക കണക്ക് അംഗീകരിച്ച് ഓഡിറ്റിന് വിധേയമാക്കുന്നതിന് അനുമതി നല്കി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | പ്രവർത്തന റിപ്പോർട്ട് – ധനകാര്യ വിഭാഗം |
| തീരുമാനം | ശ്രദ്ധിച്ചു. |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ<br>**ശ്രീ. സി. ആർ. സന്തോഷ് ഉന്നയിച്ച പ്രമേയങ്ങൾ:**<br>**പ്രമേയം 1 :**<br>വെറ്ററനറി സർവകലാശാലയുടെ സ്ഥലത്ത് ടൂറിസം വികസനവുമായ് ബന്ധപെട്ട പഠനത്തിന് DTPCയോ മറ്റ് നിയമപരമായ സ്ഥാപനങ്ങളെയോ കൺസൽട്ടൻസി ഏർപ്പെടുത്തുന്നതിന്റെ കാര്യം നിയമസാധുത പരിശോധിക്കാനും നടപ്പിലാക്കാനും ഈ യോഗം ആവശ്യപെടുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** ഫാം ടൂറിസം ഉൾപ്പെടെയുള്ള സാധ്യതകൾ ഉൾപ്പെട്ടുത്തി സർവ്വകലാശാലയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഠനം നടത്തുന്നതിന് സർവ്വകലാശാലാ തലത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സർവകലാശാല ലോ ഓഫീസർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ആളോട് ഇതിനുള്ള നിയമ പരമായ സാധ്യത സംബന്ധിച്ച അഭിപ്രായം ആരാഞ്ഞ് മേൽ കമ്മിറ്റിയുടെ പരിഗണയിൽ വിഷയം ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. |

**തീരുമാനം :** അക്കാദമിക് ടൂറിസം എന്ന രീതിയിൽ നടത്താൻ സാധിക്കുമോ എന്നത് പഠിക്കാവുന്നതാണെന്ന് യോഗം വിലയിരുത്തി. ഫാം ടൂറിസം ഉൾപ്പെടെയുള്ള സാധ്യതകൾ പരിശോധിക്കാൻ സർവ്വകലാശാല തലത്തിൽ നിയോഗിച്ച കമ്മിറ്റി ഈ വിഷയത്തിലുള്ള റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. കൂടാതെ, സ്കൂൾ വിദ്യാർത്ഥികളെ ഡയറി പ്ലാന്റിലെ പ്രവർത്തനങ്ങൾ പഠിപ്പിച്ചതും തുടർന്ന് കർഷകരുടെ പ്രശ്നങ്ങളും അവരുടെ പ്രവർത്തനങ്ങളും നേരിട്ട് മനസ്സിലാക്കി കൊടുത്ത, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ. രാജീവ്. ടി. എസ്- ന്റെ പ്രവർത്തനം യോഗം അനുമോദിച്ചു.

*നടപടി: ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്.*

============== ===================== ====== ====================

**ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 2 :**

As per order No: KVASU/GA/C1/10330/2022 dated: 15.02.2022, various subcommittees under the broad categories of academics, research, administration, and outreach were constituted for formulating a comprehensive action plan and for implementation of the same, for the development of the University. Hence this management council decides to implement the order in full letter and spirit which will pave the way for the development of Kerala Veterinary and Animal Sciences University.

**റിമാർക്ക്സ്/നോട്സ്:**
പ്രമേയം പരിഗണിക്കാവുന്നതാണ്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

===============================================================

**പമേയം 3 :**

**ഡോ. ദിനേഷ്. പി.ടി. ഉന്നയിച്ച പ്രമേയങ്ങൾ:**

അധ്യാപകരുടെ കാരീർ അഡ്വാൻസ്മെന്റ് പ്രൊമോഷനുകൾ വർഷത്തിൽ രണ്ടു തവണ നടത്തേണ്ടതാണെന്നു സർവകലാശാലയുടെ ഭരണ സമിതി തീരുമാനം ഉണ്ടായിരുന്നെങ്കിലും അത് പാലിക്കപെടുന്നതായി കാണുന്നില്ല. അധ്യാപകരുടെ പ്രൊമോഷനുകൾ വർഷത്തിൽ രണ്ടു തവണ സമയബന്ധിതമായി നടത്തണമെന്നു ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാലയിൽ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് സർവ്വകലാശാല ശ്രദ്ധിക്കുന്നുണ്ട്. 2020 മുതൽ ഉള്ള കോവിഡ് കാലഘട്ടത്തിലെ നിയന്ത്രണങ്ങൾ ഉത്തരവ് കൃത്യമായി പാലിക്കുന്നതിന് സർവ്വകലാശാലയ്ക്ക് തടസ്സം നേരിട്ടിരുന്നു എന്ന് അറിയിക്കുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

---------------------------------------- -----------------------------------------------------------

**പ്രമേയം 4 :**

സർവകലാശാലയിലെ ഭരണപരവും അക്കാദമികവുമായ തീരുമാനങ്ങളും ഉത്തരവുകളും ഒന്നും തന്നെ വെബ്സൈറ്റിൽ ഉള്ളതായി കാണുന്നില്ല. ഇത് കാരണം പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. ഭരണസമിതി തീരുമാനങ്ങൾ, ഉത്തരവുകൾ മുതലായവ അവ പുറത്തിറങ്ങി ഉടനെ തന്നെ വെബ്സൈറ്റിൽ up load ചെയ്യുവാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാലയുടെ വെബ് സൈറ്റിൽ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗങ്ങളുടെ നടപടിക്രമങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അക്കാദമിക് കൌൺസിൽ, മാനേജ്മെന്റ് കൌൺസിൽ പോലുള്ള മറ്റു യോഗങ്ങളുടെയും മറ്റ് സർവ്വകലാശാലാ ഉത്തരവുകളും വെബ്സൈറ്റിൽ ഉൾപ്പെടുത്താൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു. ഉത്തരവുകൾ/കത്തുകൾ/പ്രമേയങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്ന സമയത്ത് വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടവയിൽ "വെബ്സൈറ്റ്" എന്ന് പകർപ്പിൽ ചേർക്കേണ്ടതും, ആയത് വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി website@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.
*നടപടി: രജിസ്ട്രാർ/ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്/ഫിനാൻസ് ഓഫീസർ/ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

==========================================================================

**ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 5 :**

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വിങ്ങിന്റെ പ്രവർത്തനങ്ങൾ ഒന്നും തന്നെ സമയബന്ധിതമായി തീരുന്നില്ല എന്ന് വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും വലിയ വിമർശനങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇതിനോടൊപ്പം തന്നെ ഐഡി വിങ്ങ് പൂർത്തീകരിച്ച പല പ്രവർത്തനങ്ങളിലും വലിയ രീതിയിലുള്ള പോരായ്മകൾ കണ്ടുവരുന്നുണ്ട്.
മണ്ണുത്തി ക്യാമ്പസ്സിലെ ടോറസ് മെൻസ് ഹോസ്റ്റലിലെ മെസ്സിൽ പൂർത്തീകരിച്ച റൂഫിംഗ് നിർമിച്ച് ഏതാനും മാസങ്ങൾക്കകം തന്നെ അത് മുഴുവനായും തകർന്നു വീഴുകയായിരുന്നു. ഭാഗ്യം കൊണ്ട് മാത്രമാണ് വിദ്യാർത്ഥികൾക്ക് ഒന്നും അപായം ഉണ്ടാകാതിരുന്നത്.

അതുപോലെ തന്നെ വി കെ ഐ ഡി എഫ് ടി കോളേജിലെ ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമാണത്തിലെ പോരായ്മകൾ 2023 മാർച്ച് 25ന് കൂടിയ 44മത് മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ ചൂണ്ടികാണിക്കുകയും, യോഗത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി ബാസ്റ്റ്ബോൾ കോർട്ട് നിർമാണം പൂർത്തീകരിക്കാൻ ID വിങ്ങിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ യാതൊരുവിധ

പ്രവർത്തനങ്ങളും നടന്നിട്ടില്ല, മാത്രവുമല്ല ടെൻഡർ നടപടികളുടെ പേരിൽ വളരെയധികം പൈസ ഇതിനോടകം തന്നെ ചിലവഴിച്ചിട്ടുമുണ്ട്.
ആയതിനാൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം തേടി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** ID WING-ന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും നിയമപരമായും സമയബന്ധിതമായും പൂർത്തീകരിച്ചുവരുന്നു.

മെൻസ് ഹോസ്റ്റലിലെ മെസ്സ് ഹാളിലെ സീലിംഗ് (പി.വി.സി.) ഭാഗികമായി അടർന്നു വീഴാൻ കാരണം മരപ്പട്ടി, പൂച്ച എന്നിവ സീലിംഗിന്റെ മുകൾ ഭാഗത്ത് അധിവസിച്ചതുകൊണ്ടാണെന്ന് പ്രവൃത്തി പൂർത്തീകരിച്ചതിന് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.എം. അനിൽകുമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയത് പ്ലാൻ ഫണ്ടിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് റിപ്പയർ ചെയ്യുന്നതാണ് എന്ന കാര്യം 45-ാമത് MC-യിൽ റിപ്പോർട്ട് ചെയ്തതാണ്. വിദ്യാർത്ഥികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് കൂടുതൽ സുരക്ഷിതമായ രീതിയിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിയും പ്ലാൻ ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പ്രവർത്തി പൂർത്തീകരിക്കാവുന്നതാണ്.

ബാസ്കറ്റ് ബോൾ കോർട്ട് നിർമാണ പ്രവൃത്തിയുടെ അടിയന്തര പൂർത്തീകരണത്തിനായി 3 തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ഓഫറുകൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. തുടർന്ന് നിർമ്മിതി, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നതിനായി കത്ത് നൽകിയെങ്കിലും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല എന്ന കാര്യം 26/10/2023 ന് സർവ്വകലാശാലയെ അറിയിച്ചു. ആയതിനു ശേഷം വീണ്ടും ഇ-ടെണ്ടർ നടത്തിയതിൽ 2 ഓഫർ ലഭിച്ചു. ഏറ്റവും കുറഞ്ഞ തുക 13.26 ലക്ഷം രൂപയാണ്. ഇത് കൂടിയ നിരക്കായതിനാൽ അംഗീകരിക്കുവാൻ സാധ്യമല്ല. Hon'ble. VC, Registrar, DID, EE IDWMannuthy എന്നിവരടങ്ങിയ യോഗം ഇക്കാര്യം 19/12/2023-നു ചർച്ച ചെയ്തു .ടി. പ്രവർത്തി ഏറ്റെടുത്ത് (Special nature of work) ചെയ്യുന്ന Specialized firm-മായി അന്വേഷിച്ചിരുന്നെന്നും ആകെ തുക GST-അടക്കം 10 ലക്ഷം രൂപ (8.50*1.18=10.03 lakhs)മാത്രമേ ചിലവ് വരുകയുള്ളൂ എന്നും അപ്രകാരം e-tender ലൂടെ ലഭ്യമായ തുക കൂടുതലാണെന്നും EE, IDWMannuthy പറഞ്ഞു. സർവകലാശാലയുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ടി.പ്രവർത്തിക്കാവശ്യമായ തുക ഇപ്പോൾ ലഭ്യമല്ല എന്ന കാര്യം യോഗം വിലയിരുത്തി. തുക ലഭ്യമാകുകയാണെങ്കിൽ മേല്പറഞ്ഞ രണ്ട് പ്രവർത്തികളും പിന്നീട് ചെയ്യാവുന്നതാണെന്നു തീരുമാനിച്ചു, സർക്കാരിന്റെ കടുത്ത സാമ്പത്തിക സ്ഥിതി മൂലം സർവകലാശാലയ്ക്ക് അനുവദനീയമായ plan fund ലഭിക്കാതെ പോയത് മൂലം കഴിഞ്ഞ മാർച്ച് മാസം പൂർത്തീകരിച്ച പ്രവൃത്തികളുടെ 3.36 കോടി രൂപ കരാറുകാർക്ക് നൽകുവാൻ നാളിതുവരെ സാധ്യമായിട്ടില്ല. ആയതിനാൽ, മാർച്ച് മുതൽ നാളിതുവരെയുള്ള ഇ-ടെണ്ടറിൽ കോൺട്രാക്ടർമാരുടെ പങ്കാളിത്തം വളരെ കുറവായി കാണുന്നു. ടി പ്രവൃത്തിയ്ക്ക്

ടെണ്ടർ നടപടിയിലൂടെ വളരെയധികം തുക ചെലവഴിച്ചു എന്ന കാര്യം തെറ്റാണ്. ഒന്നിലധികം പ്രവൃത്തികൾ ഒരുമിച്ച് ടെണ്ടർ ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ, ഒരു പരസ്യത്തിലൂടെ കൂടുതൽ പ്രവൃത്തികൾ പ്രസിദ്ധീകരിക്കുന്നതിനും തുക കുറയ്ക്കുവാനും സാധിക്കുന്നു.

**തീരുമാനം :** ഐെഡി വിംഗ് ഡയറക്ടറോട് റിപ്പയറിംഗ് പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചു.

*നടപടി: ഡയറക്ടർ (ഐെഡി വിംഗ്)*

---------------------------------------- ----------------------------------------------------------------

**പ്രമേയം 6 :**

പൂക്കോട് വെറ്ററിനറി കോളേജിലെയും മണ്ണുത്തി വെറ്ററിനറി കോളേജിലെയും ബസ് സർവീസുമായി ബന്ധപ്പെട്ട് പൂക്കോട് വെറ്ററിനറി കോളജിലെ കോളജ് ബസ് പെർമിറ്റ് കഴിഞ്ഞതിനാൽ നിലവിൽ സർവീസ് നടത്തുന്നില്ല. CDST പൂക്കോടിനും CVAS പൂക്കോടിലെയും വിദ്യാർഥികൾക്ക് വേണ്ടിയും സർവീസ് നടത്തിയിരുന്നത് ഈ ബസ് ആയിരുന്നു. CVAS POOKODE ലെ ഫസ്റ്റ് ഇയർ വിദ്യാർഥികൾ അടക്കം 15 km അകലെ ഉള്ള ഹോസ്റ്റലിൽ നിന്ന് കോളേജിൽ എത്താൻ ബുദ്ധിമുട്ട് അനുഭവപെടുന്നുണ്ട് നിലവിൽ ബെസ്റ്റ് എമെർജിങ് യൂണിവേഴ്സിറ്റി ക്ക് വേണ്ടി ചാൻസ്ലർ അനുവദിച്ച ബസ് പാഠ്യ പദ്ധതിയുടെ ഭാഗമായ ambulatory clinics വേണ്ടി ഉപയോഗിയുകയാണ് . ഈ ഒരു ബസ് മാത്രം ആണ് ഈ രണ്ട് കോളേജുകൾക്കും കൂടി നിലവിൽ സർവീസ് നടത്തുന്നത്.നിലവിൽ 600ൽ അധികം വിദ്യാർഥികൾ പഠിക്കുന്ന ക്യാമ്പസിൽ പര്യാപ്തമായ ബസ് സർവീസ് ഇല്ലാത്തത് കൊണ്ട് വിദ്യാർത്ഥികൾ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ക്യാമ്പസിന്റെ ഭൂപ്രകൃതി അനുസരിച്ച് പുതിയ ഒരു ബസ് എന്നത് അടിയന്തര അവശ്യം ആണ്.

1000 ഇന് മുകളിൽ വിദ്യാർത്ഥികൾ പഠിക്കുന്ന മണ്ണുത്തി വെറ്റിറിനറി കോളേജിലും കേവലം ഒരു ബസ്സ് മാത്രമാണ് ഉള്ളത്. ഏകദേശം 12 വർഷം പഴക്കമുള്ള ബസ്സിന്റെ പെർമിറ്റ് അടുത്ത 3 വർഷത്തിനുള്ളിൽ അവസാനിക്കുന്നതാണ്. ബസ്സിന് മെയ്ന്റനൻസ് വർക്കുകളും, ഫിറ്റ്നസ് ടെസ്റ്റും ഉള്ള ദിവസങ്ങളിൽ കൊക്കാലയിലെ യൂണിവേഴ്സിറ്റി വെറ്റിറിനറി ഹോസ്പിറ്റലിലേക്കുള്ള വിദ്യാർത്ഥികളുടെ യാത്ര ഏറെ ബുദ്ധിമുട്ടാണ്. 60 ഓളം വിദ്യാർത്ഥികളാണ് എല്ലാ ദിവസവും കൊക്കാലയിലേക് യാത്ര ചെയ്യുന്നത്. ഈ ബുദ്ധിമുട്ടിന് ഒരു പരിഹാരം കാണണമെങ്കിൽ കുറച്ചു കൂടി വലിയ പുതിയൊരു ബസ്സ് അനുവദിക്കേണ്ടതാണ്.

ആയതിനാൽ മണ്ണുത്തി ക്യാമ്പസ്സിലെയും പൂക്കോട് ക്യാമ്പസ്സിലെയും യാത്ര പ്രശ്നം പരിഹരിക്കാൻ രണ്ട് കോളേജുകൾക്കും പുതിയ ബസ്സ് അനുവദിക്കണമെന്ന് പ്രേമേയത്തിലൂടെ ആവശ്യപ്പെടുന്നു

**റിമാർക്ക്സ്/നോട്സ്:** സ്റ്റേറ്റ് പ്ലാൻ [2024-25] സ്പെഷ്യൽ വർക്കിങ് ഗ്രൂപ്പ് പുതിയ ബസ്സ് വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തെ [2025-26] സ്റ്റേറ്റ് പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്താവുന്നതാണ്.

**തീരുമാനം :** എം.എൽ.എ. ഫണ്ടിന് വേണ്ടി സ്ഥലം എം.എൽ.എ.-യോട് അഭ്യർത്ഥിക്കാവുന്നതാണ് എന്ന് യോഗം തീരുമാനിച്ചു. ഈ വിഷയത്തിൽ സർക്കാരിലേക്ക് കത്ത് നല്കി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബസ് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

----------------------------------------- ------------------------------------------------------------------

**പ്രമേയം 7:**

കേരള ഗവണ്മെന്റ് മൃഗ സംരക്ഷണ (എഫ് ) വകുപ്പിന്റെ 24.12.2022 തിയ്യതിയിലെ സ ഉ (സാധാ) നം. 572 / 2022 എ ച്ച് ഡി നമ്പർ ഉത്തരവും,ഡയറക്ടറേറ്റ് ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച് കെ.വി.എ.എസ്.യു/ഡി.എ.ആർ /അക്കാദ് /ബി 2/13777/2015 ഉത്തരവും പ്രകാരം കേരള വെറ്ററിനറി ആൻഡ് അനിമൽസ് യൂണിവേഴ്സിറ്റിയിലെ കോളേജുകളിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക് ഒഴികെ എല്ലാവർക്കും ഹോസ്റ്റൽ പ്രവേശനത്തിൽ സമയപരിധി ശേഷമുള്ള നിയന്ത്രണം ഒഴിവാക്കിയിരുന്നു. എന്നാൽ പൂക്കോട് വെറ്ററിനറി കോളേജ് ക്യാമ്പസിൽ നടന്ന ചില അനിഷ്ട സംഭവങ്ങളുടെയും വന്യ മൃഗ ശല്യത്തിന്റെയും പശ്ചാത്തലത്തിൽ ഹോസ്റ്റൽ കർഫ്യു തിരിച്ചുകൊണ്ടുവന്ന് യൂണിവേഴ്സിറ്റി ഓർഡർ ഇറക്കിയിരുന്നു. പക്ഷേ മേൽപ്പറഞ്ഞ സംഭവത്തിന് ഹോസ്റ്റൽ സമയവുമായി യാതൊരുവിധ ബന്ധവുമില്ലെന്നത് സി ബി ഐ അന്വേഷണത്തിലും, ജുഡീഷ്യൽ അന്വേഷണത്തിലും വ്യക്തമാണ്. ആയതിനാൽ ഹോസ്റ്റൽ കർഫ്യൂ ഒഴിവാക്കി കൊണ്ടുള്ള ഗവൺമെന്റ് ഓർഡർ നിലനിൽക്കുന്ന സാഹചര്യത്തിലും, സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ ക്യാമ്പസുകളിലും വന്യമൃഗ ശല്യം ഇല്ലാത്തതിനാലും ഗവണ്മെന്റ് ഓർഡർ നടപ്പിലാക്കണമെന്ന് പ്രമേയത്തിലൂടെ അവശ്യപെടുന്നു.

**റിമാർക്ക്സ്/നോട്സ്:** നിലവിലെ സാഹചര്യത്തിൽ ഹോസ്റ്റൽ കർഫ്യൂ ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതല്ല.

**തീരുമാനം :** പി.ജി./പി.എച്ച്ഡി. & ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കർഫ്യൂ താൽക്കാലികമായി ഒഴിവാക്കാമെന്നും മറ്റ് വിദ്യാർത്ഥികളുടേത് പിന്നീട് പരിഗണിക്കാമെന്നും തീരുമാനിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

========================================================================

**ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 8 :**

നമ്മുടെ സർവ്വകലാശാലയിലെ ഫാം അസിസ്റ്റന്റ് തസ്തികയിൽ കേരള പി.എ.സി നോട്ടിഫിക്കേഷൻ വന്ന സാഹചര്യത്തിൽ വർഷങ്ങളായി സർവ്വകലാശാലയിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് ആഭ്യന്തര നിയമനം ലഭിക്കുന്നതിന് ആവശ്യമായ കോഴ്സ് അടിയന്തിരമായി ആരംഭിക്കണമെന്ന് യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവകലാശാലയിൽ ജോലി ചെയ്ത് വരുന്ന ഫാം തൊഴിലാളികൾക്ക് ഇൻറ്റേണൽ സെലെക്ഷൻ മുഖേനെ ഫാം അസിസ്റ്റൻറ് തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതയായ ഡിപ്ലോമ ഇൻ ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് കോഴ്സ് ഈ സർവകലാശാലയിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നു.

**തീരുമാനം :** തൊഴിലാളികൾക്ക് ട്യൂഷൻ ഫീസ് മാത്രം നല്കി കോഴ്സ് പഠിക്കുന്നതിന് അനുമതി നല്കുന്നത് പരിഗണിക്കാമെന്ന് യോഗം തീരുമാനിച്ചു.
*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

---

**പ്രമേയം 9 :**

പ്രമേയം 2 : സർവ്വകലാശാലയിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിരം തൊഴിലാളികളു കളും, ക്ലാസ്സ് ഫോർ നിയമനം നടത്തുമ്പോൾ വരുന്ന സ്ഥിരം തൊഴിലാളികളു കളും നിജപ്പെടുത്തി നിലവിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടു മണ്ണുത്തി ക്യാമ്പസ്സിൽ കാഷ്വൽ തൊഴിലാളികളെ ഉടൻ നിയമിക്കുവാനും, ന നിന്നും ലഭിക്കേണ്ട 118 തസ്തികകൾ ലഭിക്കുന്നതിന് വേണ്ട നടപടികൾ വേഗ വാനും യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** 118 തൊഴിലാളി തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപോസൽ 12/06/23 തീയ്യതിയിലെ KVASU/GA/LO/12651/2021 നം. കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ നിജപ്പെടുത്തുന്നതാണ്.

24.08.2006 മുതൽ 30.11.2022 വരെയുള്ള കാലയളവിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന തൊഴിലാളികളെ ക്യാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 30 ദിവസത്തെ ഹാജർ നിശ്ചയിക്കുന്നത് സംബന്ധത്തിച്ചിട്ടുള്ള സ്പഷ്ടീകരണത്തിനു 19/07/2024-ന് സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമായ ഉടനെ കാഷ്വൽ തൊഴിലാളി നിയമനങ്ങൾ സാധ്യമാകുന്നതാണ്.

| | |
|---|---|
| | **തീരുമാനം :** അനുഭാവ പൂർണ്ണമായി പരിഗണിക്കാമെന്ന് യോഗം തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>---------------------------------------- ------------------------------------------------------------------<br>**പ്രമേയം 10 :**<br>കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സർവ്വകലാശാല രൂപീകരിക്കുമ്പോൾ നിലനിന്നിരുന്ന സ്ഥിരം, കാഷ്വൽ തൊഴിലാളികളുടെ എല്ലാ അവകാശ ങ്ങളും, ആനുകൂല്യങ്ങളും (13 ഇരട്ട വേതനവും, മന്നം ജയന്തി, അംബേദ്കർ ജയന്തി, കർക്കിടക വാവ് ദിവസങ്ങളിലെ കോമ്പൻസേഷൻ ഉൾപ്പടെ) നിലനിർത്തണമെന്നും തുടർന്ന് നാളിതുവരെ കൊടുത്തുവരുന്ന ആനുകൂല്യങ്ങൾ നിലനിർത്തികൊണ്ട് പുതിയ തായി ലഭിക്കേണ്ട 5 കാഷ്വൽ ലീവ് കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കിയ മാതൃക യിൽ അനുവദിച്ചുകൊടുക്കണമെന്നും, തൊഴിൽ മേഖലയിലെ അപകട സാദ്ധ്യത മുൻനിർത്തി നിലവിലെ ഡിസബിലിറ്റി ലീവ് വ്യവസ്ഥ തുടരണമെന്നും യോഗം തീരുമാനി ക്കുന്നു. കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കിയ ഉത്തരവിന്റെ കോപ്പിയും ഇതോ ടൊപ്പം സമർപ്പിക്കുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** നിലവിലെ Special Disability Leave തുടരുന്നതിനും സേവന വേതന ഉത്തരവുകൾ പരിഷ്കരിച്ചു കൊണ്ടിറക്കിയ സർക്കാർ ഉത്തരവുകൾക്കു വിധേയമായി നിലവിലെ ആനുകൂല്യങ്ങൾ നിലനിർത്തുന്നതിനുമായി ഭരണ സമിതിയുടെ അനുവാദത്തിനു സമർപ്പിച്ചിട്ടുണ്ട്.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br>========================================================================== |
| OA: 1 | ധനകാര്യ വിഭാഗം - ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ തിരുവാഴാംകുന്നിലെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വകയിരുത്തൽ റിഅപ്രോ പ്രിയേറ്റ് ചെയ്യുന്നത് സംബന്ധിച്ച്. |
| Decision | അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 2 | GA - Permanent appointment of Vice Chancellor of KVASU- Search- cum-Selection Committee constituted - Nominee of the Management Council-Requesting- Reg |
| Decision | The Management Council nominated Dr. B. Ekbal, the former Vice Chancellor of Kerala University, as a member of the Search Committee for the selection of Vice Chancellor of KVASU and authorized the Registrar to forward the same to the Government.<br>*Action: Registrar* |

| | |
|---|---|
| OA: 3 | DAR - Academic Programme – Approval of the results - Reg. |
| Decision | Approved.<br>*Action: DAR* |

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 05.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്**
**(അദ്ധ്യക്ഷൻ)**
*(06/09/2024 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**